LIBRARY ARCHIVES Kerala Legislative Assembly

(എ-സി) പൊതുവിദ്യാഭ്യാസ വകുപ്പിൽ എ.എ./എ.ഒ./എ.പി.എഫ്.ഒ. തസ്തികയിൽ 18 ഒഴിവുകൾ ഉണ്ടായിരുന്നു. 1-5-2021, 1-6-2021, 21-6-2021, 29-6-2021 എന്നീ തീയതികളിൽ യഥാക്രമം 1, 15, 1, 1 എന്ന ക്രമത്തിലാണ് ഒഴിവുകളുണ്ടായത്. എന്നാൽ 30-7-2021-ലെ സ.ഉ. (കൈ)നമ്പർ 171/2021/പൊ.വി.വ.. പ്രകാരം ടി തസ്തികകൾ എൻ.ടി കേഡറായ ക്ലർക്ക് തസ്തികയിലേയ്ക്ക് താത്ക്കാലികമായി തരംതാഴ്ത്തിയിട്ടുണ്ട്. ഇപ്രകാരം തരംതാഴ്ത്തിയശേഷം ഉണ്ടാകുന്ന ഒഴിവുകൾ വിവിധ ജില്ലകളിലെ പ്രവേശന തസ്തികയായ ക്ലർക്ക് തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം കിട്ടാൻ യോഗ്യത നേടിയ ജീവനക്കാരുടെ എണ്ണം കണക്കാക്കി അന്തർജില്ലാ സ്ഥലംമാറ്റം, ആശ്രിത നിയമനം, ബൈ ട്രാൻസ്ഫർ നിയമനം എന്നിവയ്ക്ക് നിയമപ്രകാരം മാറ്റിവയ്ക്കേണ്ട ഒഴിവുകൾ മാറ്റിവച്ചശേഷമുള്ള ഒഴിവുകൾ കണക്കാക്കി 1-8-2021-ൽ നിലവിൽ വരുന്ന പ്രതീക്ഷിത ഒഴിവായി അതത് ജില്ലാ പബ്ലിക് സർവ്വീസ് കമ്മിഷന് റിപ്പോർട്ട് ചെയ്യുന്നതിന് സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

നിയമന നിരോധനം

234 (4244) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബ് ടെക്നിക്കൽ അസിസ്റ്റന്റ്, ഇൻസ്ട്രക്ടർ, ടീച്ചർ എന്നീ തസ്തികകളിൽ നിയമന നിരോധനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ദേശീയതലത്തിലുള്ള NSQF അധിഷ്ഠിതമായ വൊക്കേഷണൽ കോഴ്സുകൾ നിലവിൽ വന്നതിനാൽ ലാബ് ടെക്നിക്കൽ അസിസ്റ്റന്റ്, വൊക്കേഷണൽ ഇൻസ്ട്രക്ടർ, വൊക്കേഷണൽ ടീച്ചർ എന്നീ തസ്തികകളിലെ സ്ഥിര നിയമനങ്ങൾ നിർത്തലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികകളിൽ പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിച്ചിട്ടും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിട്ടില്ല എന്ന് അറിയിക്കാമോ; നല്കിയിട്ടില്ലായെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമന ഉത്തരവ് നൽകിയിട്ടില്ല എങ്കിൽ അത് എന്നത്തേക്ക് നൽകുവാൻ കഴിയും എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ലാബ് ടെക്നിക്കൽ അസിസ്റ്റന്റ്, വൊക്കേഷണൽ ഇൻസ്ട്രക്ടർ, വൊക്കേഷണൽ ടീച്ചർ എന്നീ തസ്തികകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയ ഉദ്യോഗാർത്ഥികൾക്ക് ആർക്കുംതന്നെ നിയമന ഉത്തരവ് നൽകാത്ത സാഹചര്യം ഇല്ല.

(ഡി) 14-6-2018-ലെ 155/എസ്.സി.3/2018/പൊ.വി.വ. നമ്പർ കത്തിലൂടെ നൽകിയിരിക്കുന്ന പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നിയമന നിരോധന നിർദ്ദേശം, നിയമനം സംബന്ധിച്ച ഒരു സർക്കാർ തീരുമാനം ആ തീരുമാന തീയതിക്കുശേഷം ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് മാത്രമേ ബാധകമാക്കാവൂ എന്ന പൊതു ചട്ടത്തിന്റെ ലംഘനം അല്ലേയെന്ന് പരിശോധിച്ച് വ്യക്തമാക്കാമോ?

സർക്കാർ നിർദ്ദേശം വന്ന തീയതി മുതൽ നിലവിൽ വരുന്ന ഒഴിവുകളിലേയ്ക്ക് മാത്രമേ ബാധകമാവൂ എന്ന് പ്രത്യേകം പരാമർശിച്ചിട്ടില്ല.

(ഇ) എൻ.എസ്.ക്യു.എഫ്. പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബ് ടെക്നിക്കൽ അസിസ്റ്റന്റ്, ഇൻസ്ട്രക്ടർ, ടീച്ചർ തസ്തികകളിൽ നിലവിലെ ആകെ അനുവദനീയ തസ്തികകളുടെ എണ്ണത്തിൽ കുറവുണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

NSQF പദ്ധതി നടപ്പിലാക്കിയപ്പോൾ ലാബ് ടെക്നിക്കൽ അസിസ്റ്റന്റ്, വൊക്കേഷണൽ ഇൻസ്ട്രക്ടർ, വൊക്കേഷണൽ ടീച്ചർ എന്നീ തസ്തികകളിലെ എണ്ണം സംബന്ധിച്ച് പുനഃക്രമീകരണം നടത്തിയിട്ടില്ല.

ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകർ

235(4245) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സീനിയർ, ജൂനിയർ വിഭജനത്തിന് അടിസ്ഥാനം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ജോലിഭാരത്തിന്റെ അടിസ്ഥാനത്തിലാണ് ജൂനിയർ, സീനിയർ കാറ്റഗറി കണക്കാക്കുന്നത്. ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ പരമാവധി 14 പിരീഡുകൾ കൈകാര്യം ചെയ്യേണ്ടിവരുമ്പോൾ സീനിയർ അദ്ധ്യാപകന് 25 പിരീഡുകൾ അദ്ധ്യാപനം നടത്തേണ്ടതുണ്ട്.

(ബി) ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾ ആകുന്നതിനുള്ള യോഗ്യതകൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ?